ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം-12

നമ്പർ.169/ക്യാമ്പ്/ഡി.ജി.പി(പ്രിസൺസ്)/2014 തീയതി :10-09-2014

## സർക്കുലർ നമ്പർ 39/2014

കേരളത്തിലെ ജയിലുകളിലുള്ള തടവുകാർക്ക് അവരുടെ ശിക്ഷാകാലാവധി കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ നിയമവിധേയമായ മാർഗങ്ങളിൽ ജീവിതോപായം നടത്തി ജീവിക്കുന്നതിന് ആവശ്യമായ തൊഴിൽ പ്രാവീണ്യം അവർ ജയിലിൽ ആയിരിക്കുമ്പോൾ നൽകേണ്ടത് വളരെ അത്യാവശ്യമായ കാര്യമാണ്. ഇന്നുള്ള പല തൊഴിൽ പരിശീലനങ്ങളും തടവുകാർക്ക് അവർ തടവിൽനിന്നും മോചിതരാകുമ്പോൾ ശരിയായ ഒരു തൊഴിൽ ഉറപ്പ് നൽകുന്നതല്ല. ആയതിനാൽ ഏതെല്ലാം തൊഴിൽ മേഖലകളാണ് തടവുകാർക്ക് ഇന്നത്തെ സമൂഹത്തിൽ നിയമവിധേയമായ തൊഴിൽ ചെയ്ത് ജീവിക്കുന്നതിനായ പരിശീലനം നൽകി തയ്യാറെടുക്കാവുന്നതെന്നുള്ള നിർദ്ദേശങ്ങൾ ഓരോ ജയിലിൽനിന്നും അയച്ചു തരേണ്ടതാണ്. ഇതിൽ ഇപ്പോൾ ട്രെയിനിംഗ് നടത്തുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ, പ്രത്യേകിച്ചും കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ, (സർക്കാർ/അർദ്ധ സർക്കാർ) അവരുടെ ലിസ്റ്റ് കൂടി നൽകേണ്ടതാണ്. ജയിലിലുള്ള തടവുകാർക്ക്, പ്രത്യേകിച്ചും ശിക്ഷാ തടവുകാർക്ക് ഇത്തരത്തിലുള്ള എന്തെങ്കിലും നിർദ്ദേശം നൽകാനുണ്ടെങ്കിൽ അതുകൂടി പരിഗണിച്ചുള്ള നിർദ്ദേശം ഓരോ ജയിലിൽ നിന്നും സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിലുള്ള എല്ലാ നിർദ്ദേശങ്ങളും സി.എ. ടു. ഡി.ജി.പി യ്ക്ക് 1/10/2014 ന് മുൻപായി അയയ്ക്കേണ്ടതാണ്. ഇപ്പോൾ ജയിലിൽ നടത്തുന്ന പരിശീലന പരിപാടിയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയതും പുതിയതായി നടത്തേണ്ട സംരംഭങ്ങൾ ഉണ്ടെങ്കിൽ അതും പ്രത്യേകം അറിയിക്കേണ്ടതാണ്.

ടി.പി. സെൻകുമാർ ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആൻറ് കറക്ഷണൽ സർവ്വീസസ്

എല്ലാ മേഖലാ ഡി.ഐ.ജി. മാർക്കും
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ്: ചീഫ് വെൽഫെയർ ആഫീസർ